(ബി) ഈ ഒഴിവുകളിൽ നിയമനം നടത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സെക്രട്ടറിമാരുടെ അഭാവം മൂലം നിരവധി പഞ്ചായത്തുകളിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ആസന്നമായ സാഹചര്യത്തിൽ സെക്രട്ടറി തസ്തികയിൽ ഉടൻ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 112 ഗ്രാമപഞ്ചായത്തുകളിൽ.

(ബി, സി) ഉണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാലാണ് സ്പെഷ്യൽ ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ നികത്താനാകാത്തത്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ അലനല്ലൂർ പഞ്ചായത്ത് വിഭജിക്കാൻ നടപടി

106. [871] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ അലനല്ലൂർ പഞ്ചായത്ത് രണ്ടായി വിഭജിക്കണമെന്നത് സംബന്ധിച്ച് സർക്കാരിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പഞ്ചായത്ത് വിഭജിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50,000-ൽ അധികം ജനസംഖ്യയും, 30 ച.കി.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണവും, തനത് ഫണ്ട് സ്വരൂപിക്കാൻ ശേഷിയുമുള്ളതായ ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മേൽപ്പറഞ്ഞ മാനദണ്ഡങ്ങളിൽ അലനല്ലൂർ പഞ്ചായത്ത് ഉൾപ്പെടാത്തതിനാൽ പ്രസ്തുത പഞ്ചായത്ത് വിഭജിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly